

**അബ്ദുൽ നാസർ എൻ ടി**
പ്രസിഡന്റ്

പ്രിയരേ,

കാലം അനസ്യൂതമായി വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, 2026-27 കാലഘട്ടത്തിലെ ബജറ്റ് വേങ്ങര ഗ്രാമപഞ്ചായത്ത് ഇവിടെ അവതരിപ്പിക്കുകയാണ്.

വികസനത്തിന്റെ പുതിയ സീമകൾ അന്വേഷിക്കുന്ന ഒരു കാലമാണിത്. പഴയകാലത്തെ റോഡും തോടും കുളങ്ങളും മാത്രം വികസനത്തിന്റെ നാന്ദിയായി കണ്ടിരുന്ന കാലം മാറി. ഇന്ന് അനസ്യൂതം വളർന്നുകൊണ്ടിരിക്കുന്ന വികസന പാതയിൽ, വേങ്ങര പഞ്ചായത്ത് പുതിയ ഭാവനയിലൂടെയും പുതിയ രൂപത്തിലൂടെയും വികസന പ്രക്രിയകളെ ചിട്ടപ്പെടുത്തുകയാണ്. നന്മയുള്ള ഒരുപാട് ആളുകളുടെ സഹായവും കൂട്ടായ്മയും ഈ വികസന പദ്ധതി തയ്യാറാക്കുന്നതിന് പിന്നിലുണ്ട്.

വേങ്ങര ഗ്രാമപഞ്ചായത്തിന്റെ പുതിയ ഭരണസമിതിക്ക് ലഭിച്ച വളരെ തുച്ഛമായ സമയം കൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കാൻ ശ്രമിച്ചിട്ടുള്ളത്. ഇതിൽ ചിലപ്പോൾ ന്യൂനതകളും പ്രയാസങ്ങളും കണ്ടേക്കാം. എങ്കിലും, ഇത് വേങ്ങരയെ അടയാളപ്പെടുത്തുന്ന ഒരു ബജറ്റ് ആവണമെന്ന് ഞങ്ങൾ 24 മെമ്പർമാരും ഞങ്ങളെ സഹായിക്കുന്ന ഉദ്യോഗസ്ഥ വൃന്ദങ്ങളും ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

അതുകൊണ്ടുതന്നെ, അക്ഷീണമായി പരിശ്രമിച്ച് ഈ ബജറ്റ് അവതരിപ്പിക്കുമ്പോൾ, നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ, ചർച്ചയിലൂടെ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഇതിനെ പരിപൂർണ്ണമാക്കണമെന്ന് വിനയത്തിന്റെ ഭാഷയിൽ ഞാൻ അഭ്യർത്ഥിക്കുന്നു.

നന്ദി,

**അബ്ദുൽ നാസർ എൻ ടി**

*പ്രസിഡന്റ്*



**ഫാത്തിമ ചോലക്കൻ**
വൈസ് പ്രസിഡന്റ്

ബഹുമാനപ്പെട്ട അധ്യക്ഷൻ, എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകരായ വാർഡ് മെമ്പർമാരെ, ഉദ്യോഗസ്ഥ സുഹൃത്തുക്കളെ, പ്രിയപ്പെട്ടവരേ..

മലപ്പുറം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യ കേന്ദ്രങ്ങളിൽ ഒന്നാണ് നമ്മുടെ വേങ്ങര. വളർന്നുകൊണ്ടിരിക്കുന്ന ഈ വിപണിയെയും നഗരവൽക്കരണത്തെയും ശാസ്ത്രീയമായി പ്രയോജനപ്പെടുത്താൻ നാം ലക്ഷ്യമിടുന്നു. പ്രവാസികളുടെ കഠിനാധ്വാനവും, വ്യാപാരികളുടെ നിശ്ചയദാർഢ്യവും, കർഷകരുടെ ആത്മവിശ്വാസവുമാണ് വേങ്ങരയുടെ യഥാർത്ഥ കരുത്ത്. ഈ കരുത്തിനെ കൂടുതൽ ശാക്തീകരിക്കുന്ന ഒരു ബജറ്റാണ് നമ്മുടെ മുന്നിലുള്ളത്.

വേങ്ങരയുടെ സമഗ്ര വികസന ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് തയ്യാറാക്കിയ ഈ സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷവും അഭിമാനവുമുണ്ട്.

പ്രിയപ്പെട്ടവരെ, കാലത്തിന്റെ അതിവേഗത്തിലുള്ള ജൈത്രയാത്രയിൽ വികസനത്തിന്റെ കാഴ്ചപ്പാടുകളിലും ഒരുപാട് മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. കഴിഞ്ഞുപോയ കാലങ്ങളിലെ വികസന പ്രക്രിയയിൽ നിന്നും മാറി ആധുനിക കാലഘട്ടത്തിന്റെ പുതിയ വികസന കാഴ്ചപ്പാടുകളായിരിക്കണം നമ്മൾ ഓരോ പദ്ധതികളായി മാറേണ്ടത്. "അതിവേഗം ബഹുദൂരം" എന്ന ആപ്തവാക്യം മനസ്സിൽ കണ്ടുകൊണ്ട് തന്നെ കാലം അതിവേഗം ഓടിക്കൊണ്ടിരിക്കുകയാണല്ലോ. ഇന്ന് നമ്മൾ കാണുന്ന വികസനം അഞ്ചു വർഷം കഴിയുമ്പോൾ ഒരു പഴയ മോഡലായി മാറുന്നു. അപ്പോൾ 10 വർഷം മുന്നേ കണ്ടുകൊണ്ട് ഇന്ന് പദ്ധതികൾ ആസൂത്രണം ചെയ്യുന്നിടത്താണ് മാനുഷിക വിഭവങ്ങൾ ഉണ്ടാകുന്നത്.

സാധാരണക്കാരന്റെ വികസനവും ഉന്നമനവുമാണ് ഒരു പ്രദേശത്തിന്റെ, ഒരു പഞ്ചായത്തിന്റെ വികസനം. സാധാരണക്കാരൻ സ്വയംപര്യാപ്തമാകുമ്പോഴാണ് നമ്മുടെ പഞ്ചായത്ത് സ്വയംപര്യാപ്തമാകുന്നത്. അതിൽ ഭിന്ന ജാതിക്കാരും ഭിന്നശേഷിക്കാരും സ്ത്രീകളും എല്ലാവരെയും ചേർത്തുപിടിച്ച് ഒരു വികസന പാത സൃഷ്ടിക്കാനാണ് ഈ ഭരണസമിതി ശ്രമിക്കുന്നത്. തീർച്ചയായും ഏവരുടെയും സഹായവും പിന്തുണയും ഇതിനാവശ്യമാണ്. നമ്മുടെ ഗ്രാമം നമ്മുടെ പഞ്ചായത്ത് നാളെയുടെ നാളുകളിൽ വികസിത ഗ്രാമവും പഞ്ചായത്തുമായി മാറട്ടെ.

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ 27 അനിവാര്യ ചുമതലകളും മറ്റ് പൊതുവായ ഉത്തരവാദിത്തങ്ങളും ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കാൻ ഈ ബജറ്റ് വഴിയൊരുക്കും. സേവന വിതരണം കൂടുതൽ ജനകീയമാക്കുന്നതിനും ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുമുള്ള പ്രത്യേക വകയിരുത്തലുകൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ പഞ്ചായത്തിന്റെ പുരോഗതിക്കായി പ്രവർത്തിച്ച മുൻഗാമികളെ ഈ വേളയിൽ ആദരവോടെ സ്മരിക്കുന്നു. പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട്, അനേകമായ ജനകീയ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന ഒരു സമതുലിതമായ ബജറ്റാണ് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നത്.

2026 ലെ കേരള ബജറ്റിൽ വേങ്ങര ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ പ്രതീക്ഷിത തനത് വരുമാനം കൂടെ ഉൾപ്പെടുത്തിയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പൊതുവിഭാഗം സാധാരണ വിഹിതം ആയി 5,19,11,000 രൂപയും പട്ടിക ജാതി വിഭാഗത്തിനായി 73,80,000 രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റ് ആയി 83,45,000 രൂപയും അനുവദിച്ചിട്ടുണ്ട്. റോഡ് സംരക്ഷണ ഗ്രാന്റ് ഇനത്തിൽ 1,51,45,000 രൂപ മാത്രമാണ് സംസ്ഥാന ബജറ്റ് അനുബന്ധത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജനറൽ പർപ്പസ് ഇനത്തിൽ 4,13,01,000 രൂപയാണ് സംസ്ഥാന സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നത്. ധനകാര്യ കമ്മിഷൻ അടിസ്ഥാന വിഹിതം, ധനകാര്യ കമ്മിഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റ് എന്നിവ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തേണ്ട പ്രവർത്തികൾക്ക് നിലവിൽ തനത് ഫണ്ട് വകയിരുത്തിയാണ് വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഉൽപാദന മേഖലയിൽ 2,39,64,800 രൂപയും സേവനമേഖലയിൽ 9,61,54,000 രൂപയും പശ്ചാത്തല മേഖലയിൽ 3,71,15,000 രൂപയും ഈ ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്. മൂലധന ചെലവുകൾക്കായി 4,00,00,000 രൂപ നീക്കി വച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക തനത് ഫണ്ടിൽ നിന്ന് വിനിയോഗിച്ച് പദ്ധതികൾ പൂർത്തിയാക്കാൻ ഈ ഭരണസമിതി ശ്രമിക്കുന്നതാണ്.

**കാർഷിക – മൃഗസംരക്ഷണ മേഖല**

കാർഷിക മേഖലയിലേക്ക് നെൽക്കൃഷിക്കായി 68 ലക്ഷം രൂപയും, തെങ്ങ് കൃഷിക്കായി 27 ലക്ഷം രൂപയും കുറ്റി കുരുമുളക് കൃഷിക്കും കിഴങ്ങ് വർഗ്ഗ കിറ്റിനും 6 ലക്ഷം രൂപയും പപ്പായ കൃഷിക്ക് 1.92 ലക്ഷം രൂപയും മറ്റു കൃഷികൾക്കായി 16 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്. ആട് വളർത്തലിനായി 11.52 ലക്ഷം രൂപയും മറ്റു മൃഗ സംരക്ഷണ മേഖലയിലെ മറ്റു പ്രവർത്തനങ്ങൾക്കായി 6 ലക്ഷം രൂപയും, ക്ഷീര കർഷകർക്കായി 1 ലക്ഷം രൂപയും ഈ ബജറ്റിൽ നീക്കിവെച്ചിരിക്കുന്നു.

**ഭവനനിർമ്മാണം**

കുടിവെള്ളം, ഭവനം, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. ജലനിധി പദ്ധതി നടപ്പിലാക്കി കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ മുൻ ഭരണസമിതികൾ ശ്രമിച്ചിരുന്നു. ജലജീവൻ മിഷൻ പദ്ധതി കൂടി നടപ്പിലാക്കുമ്പോൾ ഈ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം ഉണ്ടാകുമെന്ന പ്രതീക്ഷയുണ്ട്. ലൈഫ് ഭവന

പദ്ധതിയിലേക്കും ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി 4.5 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്.

**വയോജന ക്ഷേമം**

വയോജന ക്ഷേമ പ്രവർത്തനങ്ങളിൽ സംസ്ഥാനത്ത് തന്നെ ഏറ്റവും മുന്നിൽ നിൽക്കുന്ന പഞ്ചായത്താണ് വേങ്ങര. വയോജനങ്ങളുടെ കലാ കായിക മേലകൾക്കും 1 ലക്ഷം രൂപയും ചാരുകസേര വിതരണം ചെയ്യുന്നതിന് 9 ലക്ഷം രൂപയും മാറ്റി വച്ചിട്ടുണ്ട്. വയോജന ക്ഷേമ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന സായംപ്രഭ ഹോമിന്റെ പ്രവർത്തങ്ങളിലേക്കും വയോക്ലബ്ബുകളുടെ പ്രവർത്തനങ്ങളിലേക്കുമായി 3 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിനായി 1 ലക്ഷം രൂപ നീക്കി വെക്കുന്നു. വയോജനങ്ങൾക്ക് ഭക്ഷണ കിറ്റുകൾ നൽകുന്നതിന് 10 ലക്ഷം രൂപയും വയോജനളുടെ കാൽ മുട്ട് ശസ്ത്രക്രിയക്ക് സർക്കാർ ആശുപത്രികളിൽ ചെലവ് വരുന്ന തുക നൽകുന്നതിന് 5 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്. ജില്ലാ തല നൂതന കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചാൽ പദ്ധതി നടപ്പാക്കുന്നതാണ്.

**വനിതാ ക്ഷേമം**

വനിതാ ക്ഷേമ പ്രവർത്തങ്ങൾക്കായി വികസന ഫണ്ടിന്റെ 10 % തുക നീക്കിവെക്കേണ്ടതുണ്ട്. കഴിഞ്ഞ പദ്ധതിക്കാലയളവുകളിൽ തുക നീക്കി വെച്ചിരുന്നെങ്കിലും ആയത് പൂർണ്ണമായും ചെലവഴിക്കാൻ നമുക്ക് സാധിച്ചില്ല. വനിതാ ശാക്തീകരണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനും മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്കുമായി 30 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനത്തിനായി 5 ലക്ഷം രൂപയും യോഗാപരിശീലനത്തിന് 1 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്.

**ഭിന്നശേഷിക്കാരുടെ ക്ഷേമം**

ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, ബത്ത എന്നിവയ്ക്കായി ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾക്കൂടി ഉൾപ്പെടുത്തി 50 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെച്ചിട്ടുണ്ട്, ഭിന്ന ശേഷിക്കാരുടെ കലാമേളക്ക് 75000 രൂപ നീക്കിവെച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകുന്നതിന് 5 ലക്ഷം രൂപയും ഉല്ലാസ യാത്രക്കായി 1 ലക്ഷം രൂപയും ഭിന്നശേഷിക്കാർക്ക് പൊതുമേഖലയിൽ ജോലി ലഭിക്കുന്നതിന് PSC പരിശീലനം നൽകുന്നതിനായി 1 ലക്ഷം രൂപയും നീക്കി വെക്കുന്നു. ഭിന്നശേഷിക്കാർക്ക് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനായി മുൻകാല ഭരണസമിതിയുടെ കാലയളവിൽ ശ്രമങ്ങൾ നടത്തിയെങ്കിലും ആയത് സാക്ഷാൽകരിച്ചിട്ടില്ല. ബഡ്സ് സ്കൂൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾക്ക് ഈ ബജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തുന്നു.

**പശ്ചാത്തല മേഖല**

ഗ്രാമ സഭാ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ വാർഡുകളിലെയും റോഡുകൾ, തോടുകൾ, കുളങ്ങൾ അങ്കണവാടികൾ, പൊതു കെട്ടിടങ്ങൾ, ആശുപത്രികൾ തുടങ്ങിയവയുടെ പശ്ചാത്തല സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 6 കോടി 22 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പട്ടികജാതി ക്ഷേമം**

പട്ടികജാതി വിഭാഗത്തിനായി ഭവന നിർമാണം, ഭവന പുനരുദ്ധാരണം വിദ്യാഭ്യാസ സഹായങ്ങൾ, ഉപകരണങ്ങൾ, വിവാഹ ധനസഹായം എന്നിവയ്ക്കായി സർക്കാരിൽ നിന്നുള്ള എസ്.സി.പി വിഹിതമായ 73,80,000 രൂപയ്ക്കു പുറമെ മറ്റു വിഭവങ്ങൾ കൂടി പ്രയോജനപ്പെടുത്തി തുക നീക്കി വെച്ചിട്ടുണ്ട്.

**ആരോഗ്യ മേഖല**

പരിരക്ഷാ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപയും, ആയുർവേദ ആശുപത്രി, ഡിസ്പെൻസറികൾക്കായി 45 ലക്ഷം രൂപ, ഭൌതിക സൌകര്യങ്ങൾക്കായി 10 ലക്ഷം രൂപ, ഹോമിയോ ആശുപത്രിയുടെ അടിസ്ഥാന സൌകര്യങ്ങൾക്കും മരുന്നിനുമായി 10 ലക്ഷം രൂപയും ആശുപത്രി കെട്ടിടം ഫ്ലോറിംഗ് നടത്തുന്നതിനായി 5 ലക്ഷം രൂപയും മാറ്റിവെച്ചിരിക്കുന്നു.

**ശുചിത്വം, മാലിന്യസംസ്കരണം**

മാലിന്യ മുക്ത നവകേരളം പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഊർജ്ജിതമായി നടന്നുവരികയാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എം.സി.എഫ് നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിന് ശ്രമങ്ങൾ തുടരുകയാണ്. ശേഖരിച്ച മാലിന്യങ്ങൾ പ്രോസസ് ചെയ്യുന്നതിന് ബ്ലോക്ക് തലത്തിൽ ആർ.ആർ.എഫ് നിർമ്മിക്കുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**വിദ്യാഭാസം, കല, യുവജനക്ഷേമം**

, സർവ്വ ശിക്ഷാ കേരളക്ക് വിഹിതം നൽകുന്നതിനായി 20 ലക്ഷം രൂപയും ആവർത്തന ചെലവുകൾക്ക് 1 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട്, തുല്യത പഠനത്തിനായി 1.5 ലക്ഷം രൂപ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നതിന് 90000 രൂപ നീക്കിവെക്കുന്നു. പഞ്ചായത്തിന് സ്വന്തമായി ഒരു സ്റ്റേഡിയം ഈ ഭരണസമിതിയുടെ കാലയളവിൽ സാധ്യമാകുമെന്ന് പ്രത്യാശിക്കുന്നു. ഭൂമി വാങ്ങൽ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഭൂമി വാങ്ങുന്നതിനായി 50 ലക്ഷം രൂപ കഴിഞ്ഞ വാർഷിക പദ്ധതിയിൽ വകയിരുത്തിയത്തിന്റെ നടപടി ക്രമങ്ങൾ തുടരുന്നതാണ്.

ഈ ബജറ്റ് സംബന്ധിച്ച് ആരോഗ്യപരമായ ചർച്ചകൾ ബഹു കമ്മിറ്റിയിൽ നിന്ന് പ്രതീക്ഷിക്കുന്നു. ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി ഈ ബജറ്റ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നു.

**ഫാത്തിമ ചോലക്കൻ**

**വൈസ് പ്രസിഡന്റ്**

| | | | |
|---|---|---|---|
| **VENGARA GRAMA PANCHAYAT** | | | |
| **2026-2027 NEW BUDGET** | | | |
| SN | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
| | **Opening Balance** | **76156650** | **68877547** |
| | **Revenue Receipt - 1** | | |
| | **Tax Revenues - 110** | | |
| 1 | 1100101 Property Tax (General) | 19000000 | 20000000 |
| 2 | 1101001 Profession Tax – Employees | 3000000 | 3200000 |
| 3 | 1101002 Profession Tax - Traders/ Institutions | 1000000 | 1050000 |
| | **Total Tax Revenues** | **23000000** | **24250000** |
| | **Fees and User Charges - 140** | | |
| 4 | 1401001 Private Hospital & Paramedical Institutions Registration Fee | 0 | 5000 |
| 5 | 1401101 License Fees for IFTEOS | 700000 | 800000 |
| 6 | 1401106 License Fees for Domestic Dogs | 0 | 400 |
| 7 | 1401201 Fees for Construction of Buildings | 4000000 | 2153000 |
| 8 | 1401202 Fees for Installation of Machinery | 0 | 1000 |
| 9 | 1401203 Permit Application fee | 1000000 | 300000 |
| 10 | 1401302 Fees for Delayed Registration - Birth & Death | 0 | 500 |
| 11 | 1401304 Fee for Marriage Registration | 0 | 75000 |
| 12 | 1402001 Penal Interest | 250000 | 250000 |
| 13 | 1402003 Other Penalities and Fines | 125000 | 150000 |
| 14 | 1402004 Compounding Fee | 600000 | 600000 |
| 15 | 1404002 Notice Fees | 0 | 100 |
| 16 | 1404004 Ownership Change Fees - Fine | 0 | 50000 |
| 17 | 1405008 Receipts from Libraries | 0 | 5000 |

| | | | |
|---|---|---|---|
| 18 | 1405024 Fee for Inspection of Food | 0 | 25000 |
| 19 | 1405099 Other User Charges | 0 | 10000 |
| 20 | 1407001 Road Cutting Charges | 0 | 15000 |
| | **Total Fees and User Charges** | **6675000** | **4440000** |
| | **Sale and Hire Charges - 150** | | |
| 21 | 1501002 Receipts from Sale of Pisciculture | 0 | 100000 |
| 22 | 1501102 Receipts from Sale of Tender Forms | 500000 | 200000 |
| 23 | 1501202 Receipts from Sale of Scrap | 0 | 20000 |
| 24 | 1501203 Receipts from auction of obsolete assets | 0 | 70000 |
| 25 | 1503001 Receipts from Miscellaneous Sales | 0 | 5000 |
| | **Total Sale and Hire Charges** | **500000** | **395000** |
| | **Revenue Grants, Contributions and Subsidies - 160** | | |
| 26 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 2400000 | 2400000 |
| 27 | 1601012 Fund for Transferred Functions/ Schemes - Widow Pension | 26325000 | 26325000 |
| 28 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 470400 | 470400 |
| 29 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 10029600 | 10029600 |
| 30 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 120000 | 120000 |
| 31 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 50317800 | 50317800 |
| 32 | 1601023 General Purpose Fund | 33952000 | 54899000 |
| 33 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 37400000 | 33952000 |
| | **Total Revenue Grants, Contributions and Subsidies** | **161014800** | **178513800** |
| | **Income from Investments - 170** | | |
| 34 | 1701001 Interest on Investments | 1000000 | 1000000 |
| | **Total Income from Investments** | **1000000** | **1000000** |
| | **Interest Earned - 171** | | |

| | | | |
|---|---|---|---|
| 35 | 1711001 Interest from Bank Accounts | 2800000 | 2800000 |
| | **Total Interest Earned** | **2800000** | **2800000** |
| | **Prior Period Items - 280** | | |
| 36 | 2801001 Prior Period Income | 0 | 2000000 |
| | **Total Prior Period Items** | **0** | **2000000** |
| | **Rental Income - LB Properties - 130** | | |
| 37 | 1302003 Rent from Buildings | 2500000 | 2700000 |
| | **Total Rental Income** | **2500000** | **2700000** |
| | **Total Revenue Receipt** | **197489800** | **216098800** |
| | **Capital Receipt - 2** | | |
| | **Grants, Contribution for Specific Purposes - 320** | | |
| 38 | 3201004 Central Finance Commission Grant - Tied | 12520407 | 0 |
| 39 | 3201005 Central Finance Commission Grant - Untied | 6325252 | 0 |
| 40 | 3201016 Integrated Child Protection Scheme (ICPS) | 0 | 2120000 |
| 41 | 3201020 Integrated Child Development Service | 678430 | 0 |
| 42 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | 20000000 | 20000000 |
| 43 | 3202001 Development Fund - General | 32614000 | 51911000 |
| 44 | 3202002 Development Fund - Special Component Plan | 6708000 | 7380000 |
| 45 | 3202009 Maintenance Fund - Road Assets | 13828454 | 15145000 |
| 46 | 3202010 Maintenance Fund - Non-Road Assets | 6268000 | 8345000 |
| 47 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme | 0 | 7500000 |
| 48 | 3202037 Other Revenue Grants | 19111638 | 0 |
| 49 | 3209001 Contribution to Joint Venture Projects from District Panchayat | 3242590 | 2300000 |
| 50 | 3209002 Contribution to Joint Venture Projects from Block Panchayat | 6660000 | 8680000 |
| | **Total Grants, Contribution for Specific Purposes** | **127956771** | **123381000** |

| | | | |
|---|---|---|---|
| | **Deposits Received - 340** | | |
| 51 | 3402006 Election Deposit(Candidate) | 0 | 224000 |
| | **Total Deposits Received** | **0** | **224000** |
| | **Loans, Advances and Deposits - 460** | | |
| 52 | 4601001 Festival Advance to Employees | 80000 | 0 |
| 53 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 50000 | 2000000 |
| | **Total Loans, Advances and Deposits** | **130000** | **2000000** |
| | **Total Capital Receipt** | **128086771** | **125605000** |
| | **Revenue Expenditure - 3** | | |
| | **Establishment Expenses - 210** | | |
| 54 | 2101001 Salaries -Secretary | 1000000 | 1500000 |
| 55 | 2101003 Salaries - Permanent Staff | 15000000 | 15000000 |
| 56 | 2101004 Salaries - Contract Staff | 400000 | 1900000 |
| 57 | 2101005 Salaries - Temporary Staff | 200000 | 1000000 |
| 58 | 2101006 Salaries - Full time Contingent Staff | 0 | 1500000 |
| 59 | 2101101 Wages | 2100000 | 1000000 |
| 60 | 2101201 Bonus | 73500 | 500000 |
| 61 | 2101401 Honourarium | 800000 | 1200000 |
| 62 | 2101501 Festival Allowance | 0 | 100000 |
| 63 | 2102001 Travelling Allowances - Secretary | 100000 | 100000 |
| 64 | 2102003 Travelling Allowances - Permanent Staff | 0 | 250000 |
| 65 | 2102004 Travelling Allowances - Temporary Staff | 25000 | 100000 |
| 66 | 2102005 Travelling Allowances - Contingent Staff | 0 | 20000 |
| 67 | 2102006 Other allowances - Secretary | 0 | 100000 |
| 68 | 2102008 Other allowances - Permanent Staff | 0 | 25000 |

| | | | |
|---|---|---|---|
| 69 | 2102009 Other allowances - Temporary Staff | 0 | 50000 |
| 70 | 2102010 Other allowances - Contingent Staff | 0 | 25000 |
| 71 | 2102014 Monthly Honorarium and Sitting Allowance - Councillors/ Members | 3300000 | 5000000 |
| 72 | 2102016 Other Benefits and Allowances | 0 | 100000 |
| 73 | 2102017 Festival Allowance | 100000 | 200000 |
| 74 | 2102018 Spectacle Allowance | 15000 | 15000 |
| 75 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ | 150000 | 200000 |
| 76 | 2102020 Telephone Allowance - Secretary | 0 | 4000 |
| 77 | 2102021 Telephone Allowance - Mayor/ Chairperson/ President | 0 | 4000 |
| 78 | 2103001 Employer's Contribution to Pension Fund - Regular Employees | 0 | 2000000 |
| 79 | 2103002 Employer's Contribution to Pension Fund - Contingent Employees | 0 | 50000 |
| 80 | 2103006 Employer's Contribution to NPS - Regular Employees | 0 | 600000 |
| 81 | 2104001 Terminal Leave Surrender | 0 | 600000 |
| 82 | 2105001 Remuneration | 0 | 50000 |
| 83 | 2105099 Other Establishment Expenses | 0 | 100000 |
| | **Total Establishment Expenses** | **23263500** | **33293000** |
| | **Administrative Expenses - 220** | | |
| 84 | 2201001 Rent of Buildings | 50000 | 0 |
| 85 | 2201005 Vehicle Tax | 0 | 350000 |
| 86 | 2201101 Office Electricity Expenses | 368000 | 150000 |
| 87 | 2201104 Service Connection Charge (KSEB/ KWA) | 0 | 100000 |
| 88 | 2201199 Other Office Maintenance Expenses | 250000 | 500000 |
| 89 | 2201201 Telephone Expenses/ Internet Charges | 40000 | 50000 |
| 90 | 2201202 Postage Expenses | 25000 | 25000 |
| 91 | 2201299 Miscellaneous Communication Expenses | 200000 | 50000 |

| | | | |
|---|---|---|---|
| 92 | 2202001 Books & Periodicals | 90000 | 50000 |
| 93 | 2202101 Printing & Stationery | 465000 | 150000 |
| 94 | 2204001 Insurance | 35000 | 100000 |
| 95 | 2205101 Miscellaneous Legal Expenses | 100000 | 50000 |
| 96 | 2205201 Professional & Other Fees | 0 | 100000 |
| 97 | 2206001 Newspaper Advertisement Charges | 100000 | 100000 |
| 98 | 2208003 Grama Sabha/ Ward Sabha Expenses | 0 | 200000 |
| 99 | 2208099 Miscellaneous Administration Expenses | 800000 | 1000000 |
| | **Total Administrative Expenses** | **2523000** | **2975000** |
| | **Operation and Maintenance - 230** | | |
| 100 | 2301001 Electricity Charges for Street Lights | 3500000 | 3000000 |
| 101 | 2301002 Fuel Charges | 300000 | 250000 |
| 102 | 2301003 Electricity Charges of Other Buildings of LB | 50000 | 50000 |
| 103 | 2304001 Vehicle Hire Charges | 100000 | 100000 |
| 104 | 2304099 Other Hire Charges | 252100 | 200000 |
| 105 | 2305001 Repairs & Maintenance - Roads and Pavements | 10000 | 10000 |
| 106 | 2305004 Repairs & Maintenance - Drainage | 10000 | 10000 |
| 107 | 2305301 Repairs & Maintenance - Vehicles | 50000 | 100000 |
| 108 | 2305902 Repairs & Maintenance - Office Equipments | 0 | 400000 |
| 109 | 2305909 Other Repairs & Maintenance | 0 | 25000 |
| 110 | 2308005 Expenses relating to collection of Taxes | 0 | 25000 |
| 111 | 2308010 Extra - ordinary Expenses | 0 | 200000 |
| 112 | 2308201 Refreshment Charges | 0 | 100000 |
| | **Total Operation and Maintenance** | **4272100** | **4470000** |
| | **Programe Expenses - 250** | | |

| | | | |
|---|---|---|---|
| 113 | 2501001 Election Expenses | 340000 | 100000 |
| 114 | 2502001 Expenditure on Poverty Eradication Program | 20000000 | 20000000 |
| | **Total Programe Expenses** | **20340000** | **20100000** |
| | **Expenses Related to Productive Sector - 251** | | |
| 115 | 2510101 Agriculture - Paddy | 21743840 | 0 |
| 116 | 2510102 Agriculture - Coconut | 1867536 | 0 |
| 117 | 2510104 Agriculture - Vegetables | 700000 | 0 |
| 118 | 2510105 Agriculture - Plaintane | 493000 | 0 |
| 119 | 2510106 Agriculture - Tubercrops | 900000 | 0 |
| 120 | 2510132 Agriculture Related Facilities | 33600 | 0 |
| 121 | 2510209 Animal Husbandry - Infrastructure | 500000 | 0 |
| 122 | 2510210 Animal Husbandry - Disease Control | 50000 | 0 |
| 123 | 2510305 Dairy Development - Milk Incentives | 100000 | 0 |
| 124 | 2510802 Water Conservation | 800000 | 0 |
| 125 | 2511201 Skill Development | 500000 | 0 |
| | **Total Expenses Related to Productive Sector** | **27687976** | **0** |
| | **Expenses Related to Service Sector - 252** | | |
| 126 | 2520109 Encourage Excellence of SC/ ST | 1600000 | 0 |
| 127 | 2520111 Contribution towards SSA | 2000000 | 0 |
| 128 | 2520303 Reading Rooms ,Libraries - Periodicals | 100000 | 0 |
| 129 | 2520304 Grama sabha/Ward sabha Center | 200000 | 0 |
| 130 | 2520503 Arts,Culture,Sports and Youth Welfare-Promotion | 150000 | 0 |
| 131 | 2520602 Health related Programs | 2150000 | 0 |
| 132 | 2520618 Medical Institution - Allopathy | 2795256 | 0 |
| 133 | 2520619 Medical Institution - Ayurvedic | 5559700 | 0 |

| | | | |
|---|---|---|---|
| 134 | 2520620 Medical Institution - Homoeo | 500000 | 0 |
| 135 | 2520701 Drinking Water - Individual | 424000 | 0 |
| 136 | 2520801 Housing & House Electrification - Individual | 30390000 | 0 |
| 137 | 2520903 Women Welfare | 1750000 | 0 |
| 138 | 2520904 Welfare of the Aged | 1421920 | 0 |
| 139 | 2520905 Welfare Programs for the Destitute | 200000 | 0 |
| 140 | 2520906 Welfare Programs for Physically/ Mentally Challenged | 5105500 | 0 |
| 141 | 2520908 Social Security Programme | 875685 | 0 |
| 142 | 2521001 Anganwadi Nutrition | 7500000 | 0 |
| 143 | 2521601 Local Government Service Delivery Improvement | 201600 | 0 |
| 144 | 2521602 Payments to IKM | 150000 | 0 |
| 145 | 2521701 Allied Institution Service Delivery Improvement | 555000 | 0 |
| 146 | 2521801 Contribution to Social Security Mission | 200000 | 0 |
| 147 | 2521904 Toilet (Individual) | 530000 | 0 |
| 148 | 2522001 Plan Formulation, Implementation and Monitoring | 500000 | 0 |
| 149 | 2522201 Disaster Management - Related Services | 75000 | 0 |
| 150 | 2522303 Solid Waste Management - Preparatory Activities | 76467 | 0 |
| 151 | 2522304 Solid Waste Management - Classification | 200000 | 0 |
| 152 | 2522305 Solid Waste Management - Collection and Transportation | 550000 | 0 |
| 153 | 2522309 Solid Waste Management - Related Activities | 845000 | 0 |
| 154 | 2522310 Solid Waste Management - Disposal | 1947400 | 0 |
| 155 | 2522312 Solid Waste Management - Monitoring | 250000 | 0 |
| | **Total Expenses Related to Service Sector** | **68802528** | **0** |
| | **Expenses Related to Infrastructure Sector - 253** | | |
| 156 | 2530101 Street Lights | 700000 | 0 |

| | | | |
|---|---|---|---|
| 157 | 2530102 Office Electrification | 200000 | 0 |
| 158 | 2530201 Roads | 1521125 | 0 |
| 159 | 2530302 Public Buildings - Other Buildings | 3812132 | 0 |
| 160 | 2530501 Vehicle Rent for Engineering Wing | 200000 | 0 |
| | **Total Expenses Related to Infrastructure Sector** | **6433257** | **0** |
| | **Expenses related to State Sponsored Schemes - 254** | | |
| 161 | 2540102 Grant in aid to voluntary organisations/ institutions running homes for Differentially Abled person | 0 | 10029600 |
| 162 | 2540103 Financial help to widows towards marriage expenses of daughters | 120000 | 120000 |
| 163 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | 0 | 2400000 |
| 164 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | 26325000 | 26325000 |
| 165 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | 470400 | 470400 |
| 166 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | 10029600 | 0 |
| 167 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | 50317800 | 50317800 |
| 168 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | 37400000 | 0 |
| | **Total Expenses related to State Sponsored Schemes** | **124662800** | **89662800** |
| | **Revenue Grants, Cotributions and Subsidies - 260** | | |
| 169 | 2601006 Library Grant - Revenue Expenses | 20000 | 0 |
| | **Total Revenue Grants, Cotributions and Subsidies** | **20000** | **0** |
| | **Prior Period Items - 280** | | |
| 170 | 2808001 Prior Period Expenses | 2101971 | 0 |
| | **Total Prior Period Items** | **2101971** | **0** |
| | **Total Revenue Expenditure** | **280107132** | **150500800** |
| | **Capital Expenditure - 4** | | |
| | **Refund of Deposits - 340** | | |
| 171 | 3401001 Earnest Money Deposit | 50000 | 0 |

| | | | |
|---|---|---|---|
| 172 | 3401002 Security Deposit | 100000 | 0 |
| 173 | 3401003 Retention | 50000 | 0 |
| 174 | 3402006 Election Deposit(Candidate) | 0 | 100000 |
| | **Total Refund of Deposits** | **200000** | **100000** |
| | **Payment of Recoveries - 350** | | |
| 175 | 3501102 Net Salary Payable | 2616948 | 0 |
| 176 | 3501116 Pension Contribution Payable | 1154170 | 0 |
| 177 | 3501301 Employers Liabilities - Pension Contribution (NPS) | 400000 | 0 |
| 178 | 3501302 Employers Liabilities - EPF | 100000 | 0 |
| 179 | 3502001 Recoveries Payable - General Provident Fund | 470580 | 0 |
| 180 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | 1179440 | 0 |
| 181 | 3502003 Recoveries Payable - Subscription to Provident Fund for Municipal Regular employees | 100 | 0 |
| 182 | 3502005 Recoveries Payable - Loan Recovery | 300000 | 0 |
| 183 | 3502006 Recoveries Payable - Insurance Premium | 300000 | 0 |
| 184 | 3502008 Recoveries Payable - Co-operative Recovery | 300000 | 0 |
| 185 | 3502009 Recoveries Payable - KSFE Recovery | 1000 | 0 |
| 186 | 3502010 Recoveries Payable - Dues to other LSGIs | 2 | 0 |
| 187 | 3502011 Recoveries Payable - Income Tax Deducted at Source-Salaries | 1000 | 0 |
| 188 | 3502012 Recoveries Payable - State Life Insurance | 208800 | 0 |
| 189 | 3502013 Recoveries Payable - Group Saving Life Insurance | 1000 | 0 |
| 190 | 3502014 Recoveries Payable - Group Insurance | 204800 | 0 |
| 191 | 3502017 Recoveries Payable-GPAIS | 10000 | 0 |
| 192 | 3502020 Recoveries Payable - Employee Share NPS | 400000 | 0 |
| 193 | 3502021 Recoveries Payable - EPF | 100000 | 0 |
| 194 | 3502022 Recoveries Payable -Medisep -Regular | 138000 | 0 |

| | | | |
|---|---|---|---|
| 195 | 3502024 Recoveries Payable-Other Recoveries from Employees | 50000 | 0 |
| 196 | 3502025 Recoveries Payable - Income Tax Deducted at Source | 16000 | 50000 |
| 197 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | 15000 | 0 |
| 198 | 3502032 Recoveries Payable - NPS Arrear | 55 | 0 |
| 199 | 3502036 Recoveries Payable - Kerala State Backward Development Corporation | 107000 | 0 |
| 200 | 3502040 Recoveries Payable - Corporation Employees Co-operative Society | 1000 | 0 |
| 201 | 3502041 Recoveries Payable - Kerala State SC/ ST Developement Corporation | 10 | 0 |
| 202 | 3503005 Government and Other Dues Payable-TDS - CGST | 215000 | 0 |
| 203 | 3503006 Government and Other Dues Payable-TDS - SGST | 215000 | 0 |
| 204 | 3505001 Water charges Payable | 13500000 | 0 |
| | **Total Payment of Recoveries** | **22004905** | **50000** |
| | **Fixed Assets - 410** | | |
| 205 | 4102005 Hospital Buildings | 1798071 | 0 |
| 206 | 4102010 Market Buildings | 350000 | 0 |
| 207 | 4102016 Other Buildings | 1862192 | 0 |
| 208 | 4103001 Concrete Roads | 10350551 | 0 |
| 209 | 4103002 Black Topped Roads | 9656975 | 0 |
| 210 | 4103012 Side Walls | 450000 | 0 |
| 211 | 4103099 Other Constructions | 722972 | 0 |
| 212 | 4103102 Drainage | 1200000 | 0 |
| 213 | 4103302 Street Light | 1200000 | 0 |
| 214 | 4104001 Plant & Machinery | 50000 | 0 |
| 215 | 4105001 Vehicles | 175000 | 0 |
| 216 | 4106002 Computers, Printers & Peripherals | 145000 | 0 |
| 217 | 4107001 Furniture, Fixtures, Fittings & Electrical Appliances | 206200 | 0 |

| | | | |
|---|---|---|---|
| 218 | 4108001 Other Fixed Assets | 896676 | 0 |
| | **Total Fixed Assets** | **29063637** | **0** |
| | **Loans, Advances and Deposits - 460** | | |
| 219 | 4601001 Festival Advance to Employees | 180000 | 200000 |
| 220 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 1250000 | 1250000 |
| 221 | 4605099 Advance to Others | 50000 | 50000 |
| | **Total Loans, Advances and Deposits** | **1480000** | **1500000** |
| | **Total Capital Expenditure** | **52748542** | **1650000** |
| | **Total Expenditure** | **332855674** | **152150800** |
| | **Total Receipts** | **325576571** | **341703800** |
| | **Balance** | **68877547** | **258430547** |
| | **Total Fund Earnmarked for Projects 2026-27** | | **220000000** |
| | **Closing Balance** | | **38430547** |